# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5211 02.07.2013 ൽ മറുപടിക്ക്

## സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ വിവരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | ജലഗതാഗത വകുപ്പിന്റെ കീഴിലും സ്വകാര്യ മേഖലയിലുമായി എത്ര ബോട്ടുകൾ കായലുകളിൽ സർവ്വീസ് നടത്തുന്നു: | (എ) | ജലഗതാഗത വകുപ്പിന്റെ കീഴിൽ 55 ഉം സ്വകാര്യ മേഖലയിൽ 200 ഉം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | ഇതിൽ നിയമാവലി പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവ എത്ര; രജിസ്റ്റർ ചെയ്യാതെ സർവ്വീസ് നടത്തുന്നവ എത്ര; | (ബി) | ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള എല്ലാ ബോട്ടുകളും ഉൾപ്പെടെ മൊത്തം 251 ബോട്ടുകൾ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാല് ബോട്ടുകൾ നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | രജിസ്റ്റർ ചെയ്യപ്പെടാതെ സർവ്വീസ് നടത്തുന്നവ അപകടങ്ങളും, അനാശാസ്യ പ്രവൃത്തികളും, അനധികൃത കടത്തുകളും നടത്തുന്നത് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം ബോട്ടുയാത്രയിൽ എത്ര അപകടങ്ങൾ സംഭവിച്ചു; എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; സർക്കാർ/സ്വകാര്യ മേഖലയിൽ രജിസ്റ്റർ ചെയ്ത ബോട്ടുകൾ രജിസ്റ്റർ ചെയ്യാത്ത ബോട്ടുകൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം ഒൻപത് ബോട്ടപകടങ്ങൾ സംഭവിച്ചു. ഇതിൽ ആകെ 14 പേർക്ക് ജീവഹാനി സംഭവിച്ചു. ഇതിൽ ഒരപകടം സർക്കാർ മേഖലയിലുള്ള ബോട്ടിനും 8 എണ്ണം സ്വകാര്യ മേഖലയിലുള്ള ബോട്ടുകൾക്കുമാണ് സംഭവിച്ചത്. അപകടത്തിൽപെട്ട ബോട്ടുകളെല്ലാം രജിസ്റ്റർ ചെയ്യപ്പെട്ടവയാണ്. സർക്കാർ മേഖലയിൽ സർവ്വീസ് നടത്തിയ ഒരു ബോട്ട് യാത്രയിൽ ഉണ്ടായ അപകടത്തിൽ ആർക്കും ജീവഹാനി സംഭവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ജലഗതാഗത വകുപ്പിൽ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതും ഡ്രൈവിംഗ് അറിയാത്തവർ പ്രസ്തുത തൊഴിലിലേർപ്പെടുന്നതുമാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് പല അപകടകാരണങ്ങളിന്മേലുള്ള പഠന റിപ്പോർട്ടുകൾ, റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; | (ഇ) യും (എഫ്) ഉം | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലഗതാഗത വകുപ്പിന്റെ യാത്രാ ബോട്ടുകൾ അപകടത്തിൽപ്പെട്ട് ആർക്കും ജീവഹാനി സംഭവിച്ചിട്ടില്ല. ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ ഡ്രൈവിംഗ് അറിയുന്നവരും നിയമ പ്രകാരം ലൈസൻസുള്ളവരുമാണ് ബോട്ടു നിയന്ത്രിക്കുന്നത്. ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന സുരക്ഷാ ഉപകരണങ്ങൾ ജലഗതാഗത വകുപ്പിന്റെ എല്ലാ ബോട്ടുകളിലും സജ്ജമാക്കിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം വകുപ്പിൽ നടപടികൾ സ്വീകരിക്കാത്ത എത്ര ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | | |
| (ജി) | ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (ജി) | ജലഗതാഗത വകുപ്പിന്റെ യാത്രാ ബോട്ടുകൾ അപകടത്തിൽപ്പെട്ട് ആർക്കും ജീവഹാനി സംഭവിച്ചിട്ടില്ല എന്നതിനാൽ സഹായങ്ങൾ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ